പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.373 — 19.10.2016-ൽ മറുപടിക്ക്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. നൗഷാദ്<br>,, എ. പ്രദീപ്കുമാർ<br>,, സി.കൃഷ്ണൻ<br>,, വി. കെ. സി. മമ്മത് കോയ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിൽ സൗകര്യവും ശുചിത്വവും ഉറപ്പുവരുത്താനായി ഈ സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | എ) തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പ് വരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016–ൽ സ.ഉ (സാ.ധാ) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടു ണ്ട്. കൂടാതെ ഇവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊ ണ്ട് 17.12.15 ലെ ജി.ഒ (ആർ.ടി)1717/15/തൊഴിൽ നം. ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടു ണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് &ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നു വരുന്നു. |
| (ബി) സംസ്ഥാനത്തുനിന്ന് നിർമ്മാർജ്ജനം ചെയ്തവയുൾപ്പെടെയുള്ള പകർച്ച വ്യാധികൾ ഇത്തരം തൊഴിലാളി കളിൽ നിന്നും പകരുന്നത് തടയാനായി അവർക്ക് ശുചിത്വമുള്ള വാസസൗകര്യം ഉറപ്പാക്കാൻ ശ്രദ്ധിക്കുമോ; | (ബി) ശ്രദ്ധിക്കുന്നതാണ്. |

(സി) ഇത്തരം തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കാനായി പ്രധാന നഗരങ്ങളിൽ ലിവിംഗ് ഷെൽട്ടറുകൾ സ്ഥാപിക്കുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം നടപ്പിലായിരുന്നോ എന്ന് വ്യക്തമാക്കുമോ?

(സി) പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. ആദ്യ ഘട്ടമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് "അപ്നാ ഘർ' എന്ന പേരിൽ ഹോസ്റ്റൽ സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ